File No.DCKKD/4510/2019-N2

# കോഴിക്കോട് ജില്ലാ കലക്ടറുടെ നടപടിക്രമം

(ഹാജർ : ശ്രീറാം സാംബശിവറാവു, ഐ.എ.എസ്)

--------

വിഷയം:- ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒ.എ നം. 606/18 ലെ ഉത്തരവിന് അനുസൃതമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിയുടെ നാലാമത് യോഗനിർദ്ദേശം – പാരിസ്ഥിതിക നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ജില്ലാതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്

സൂചന:- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 18.05.19 ലെ PCB/HO/EE4/NGT/SWM/SLC/8/2019 Vol.II നമ്പർ കത്ത്

********

## ഉത്തരവ് നം. DCKKD/4510/2019/N2 തീയതി: 12/07/2019

സൂചന പ്രകാരം ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒ.എ നം. 606/18 ലെ ഉത്തരവിനനുസൃതമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിയുടെ നാലാമത് യോഗത്തിൽ പാരിസ്ഥിതിക നിയമങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി ജില്ലാതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുവാൻ നിർദ്ദേശമുള്ളതാണ്. പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനായി ജില്ലാ മജിസ്ട്രേറ്റിനെ നിശ്ചയിച്ചിട്ടുള്ളതും വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ അംഗങ്ങളായി നിശ്ചയിച്ചിട്ടുള്ളതുമാണ്.

ആയതുപ്രകാരം ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒ.എ നം. 606/18 ലെ ഉത്തരവിനനുസൃതമായി വിവിധ പാരിസ്ഥിതിക നിയമങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ മജിസ്ട്രേറ്റ് ( ജില്ലാ കലക്ടർ) കോഴിക്കോട് – ന്റെ അദ്ധ്യക്ഷതയിൽ ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിഅംഗങ്ങൾ

1. ജില്ലാ പോലീസ് മേധാവി (സിറ്റി)കോഴിക്കോട്
2. ജില്ലാ പോലീസ് മേധാവി (റൂറൽ)കോഴിക്കോട്.
3. ജില്ലാ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്
4. ഡെപ്യൂട്ടി കലക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്, കോഴിക്കോട്
5. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്
6. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്, കോഴിക്കോട്
7. എൻവിയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
8. സെക്രട്ടറി ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, കോഴിക്കോട്
9. ജില്ലാ കോ-ഓഡിനേറ്റർ, ശുചിത്വമിഷൻ, കോഴിക്കോട്
10. ജില്ലാ കോ-ഓഡിനേറ്റർ, ഹരിതകേരളമിഷൻ, കോഴിക്കോട്

Scanned by CamScanner

File No.DCKKD/4510/2019-N2

ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയുടെ നോഡൽ ഓഫീസർ / സെക്രട്ടറിയായി ഡെപ്യൂട്ടി കലക്ടർ ഡിസാസ്റ്റർ മാനേജ്മെന്റ്, കോഴിക്കോടിനെ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ജില്ലാ കലക്ടർ

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പട്ടം പി ഒ, തിരുവനന്തപുരം -4

പകർപ്പ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
ചെയർമാൻ SLMC (ആമുഖ കത്ത് സഹിതം)

Signature valid

Digitally signed by SEERAM SAMBASIVA RAO
Date: 2019.07.12 1?:53:14 IST
Reason: Approved

Scanned by CamScanner